# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 77
28-11-2018-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

| **ചോദ്യം**<br>**ശ്രീ. ടി.വി. ഇബ്രാഹിം** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) പ്രളയ ദുരിതാശ്വാസ ഇനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 01-05-2018 മുതൽ നാളിതുവരെ എത്ര രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 01.05.2018 മുതൽ 27.11.2018 വരെ 2754.27 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| ബി) പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് മേൽ കാലയളവിൽ ഉദ്യോഗസ്ഥർ നൽകിയ സംഭാവനയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു ചെയ്യുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 വരെ രാവിലെ 10 മണിവരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| സി) മഹാപ്രളയത്തിനിരകളായ ആളുകൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ജില്ല, താലൂക്ക് എന്നിവ തിരിച്ച് വിശദമാക്കാമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചുള്ള തുകയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്. |

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,75,52,200/- |

| | |
|---|---|
| കൊല്ലം | 4,34,74,600/- |
| പത്തനംതിട്ട | 32,76,26,600/- |
| ആലപ്പുഴ | 103,13,39,000/- |
| കോട്ടയം | 53,80,36,000/- |
| ഇടുക്കി | 6,59,06,000/- |
| എറണാകുളം | 119,93,77,600/- |
| തൃശ്ശൂർ | 84,18,60,800/- |
| പാലക്കാട് | 95,16,89,900/- |
| മലപ്പുറം | 25,18,50,200/- |
| കോഴിക്കോട് | 15,31,93,800/- |
| വയനാട് | 50,02,30,500/- |
| കണ്ണൂർ | 18,16,600/- |
| കാസർകോഡ് | 80,600/- |
| ആകെ | 592.40 കോടി രൂപ |

ജില്ലകളിൽ നിന്നും താലൂക്കുകൾക്ക് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വരികയാണ്.

| | |
|---|---|
| ഡി) പ്രളയത്തിനുശേഷം ജനങ്ങളുടെ പുനരധിവാസത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | പ്രളയദുരിതാശ്വാസത്തിനായി കേരളപുനർനിർമ്മാണപദ്ധതി (Rebuild Kerala Initiative-RKI) ആരംഭിച്ചിട്ടുണ്ട്. അടിയന്തിരപ്രാധാന്യമുള്ള പുനരധിവാസപ്രവർത്തനങ്ങൾ നടന്നു വരുന്നു. Rebuild ലെ പ്രോജക്ടുകളുടെ വിശദമായ DPR കൾ വിവിധ വകുപ്പുകൾ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ